# തപാൽമുദ്രകളിലെ

# സംസ്കൃതപൈതൃകം

# സംസ്കൃത വാങ്മയങ്ങളിലൂടെ
# അനശ്വരയശസ്വികളായ
# പൂർവ്വസൂരികളെ
# തപാൽമുദ്രകളിലൂടെ സ്മരിക്കുന്ന
# പ്രദർശിനി

ഹരിപ്രസാദ്,വി.ടി.കടമ്പൂര്

പണ്ടെന്നോ യക്ഷനേകൻ വധുവിനു നിജവൃ-
ത്താന്തമെത്തിക്കുവാനായ്
കണ്ടെത്തീ ദൂതനായിട്ടൊരുമഴമുകിലെ-
ക്കേവലം പ്രേമവായ്പാൽ
വേണ്ടെന്നാൽ ഖേദം, ഈമട്ടൊരുവനൊടു കഥി-
ക്കേണ്ട നീ, ദൂതുപോവാൻ
ഉണ്ടേ ഇന്ത്യൻ തപാൽ, എൻപ്രിയസഖി! ഇനി നീ
പോസ്റ്റുചെയ്യൂ ഹൃദന്തം

....ഹരിപ്രസാദ്,വി.ടി.കടമ്പൂര്

(1998-ഒക്ടോബർ ലക്കം ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചത്)

ഹരിപ്രസാദ് കടമ്പൂര്

കാളിദാസഭാവന തന്റെ സന്ദേശകാവ്യത്തിൽ സന്ദേശവാഹകനായി തെരഞ്ഞെടുത്തത് കേവലം നിർജ്ജീവമായ, ഗജരാജസദൃശാകാരനായ ആടിമാസക്കാലത്തെ കാർമേഘത്തെ ആയിരുന്നു....!

കുമാരസംഭവത്തിൽ ഭൂർജ്ജപത്രമായി പരിണമിച്ച്, അഭിജ്ഞാനശാകുന്തളത്തിൽ എത്തുമ്പോഴേക്കും മസൃണമായ താമരയിലയായിത്തീർന്ന സന്ദേശപത്രം, കാലത്തിന്റെ അനുസ്യൂതപ്രവാഹത്തിൽ പല പരിണാമങ്ങൾക്കും വഴിമാറി.

എങ്കിലും ഭാരതം ആ അനശ്വരമായ കവിഭാവനയെ സാദരം അനുസ്മരിച്ചു...തന്റെ തപാൽമുദ്രകളിലൂടെ...

ഹരിപ്രസാദ് കടമ്പൂര്

## ....മേഘസന്ദേശത്തിലെ യക്ഷനും അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തളയും തപാൽമുദ്രകളിൽ




ഹരിപ്രസാദ് കടമ്പൂര്

# മേഘസന്ദേശത്തിലെ യക്ഷൻ




- കുടജകുസുമങ്ങളാൽ അർച്ചിച്ച് ആടിമാസത്തിലെ ആദ്യമേഘത്തെ തന്റെ ദൂതനായി സ്വീകരിക്കുന്ന മേഘദൂതത്തിലെ യക്ഷൻ.
- ആഷാഢസ്യ പ്രഥമദിവസേ മേഘമാശ്ലിഷ്ടസാനും വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം ദദർശ

–എന്ന മേഘസന്ദേശത്തിലെ 2–ാം ശ്ലോകം നാഗരിലിപിയിൽ ആലേഖനം ചെയ്ത 15 നയാപൈസയുടെ തപാൽമുദ്ര.

ഹരിപ്രസാദ് കടമ്പൂര്

# ശകുന്തളയും തോഴിമാരും

- കാളിദാസന്റെ മാനസപുത്രിമാരായ പ്രിയംവദയും അനസൂയയും ശാകുന്തളത്തിലെ നായികയോടൊപ്പം. ദൂരെ ദീർഘാപാംഗനെന്ന മാൻകിടാവും.
- തവ ന ജാനേ ഹൃദയം മമ പുനഃ കാമോ ദിവാപി രാത്രാവപി. നിർഘൃണ തപതി ബലീയഃ... എന്ന ശാകുന്തളം 3-ാം അങ്കത്തിലെ താമരയിലയിലെഴുതിയ സന്ദേശം നാഗരിയിൽ ആലേഖനം ചെയ്ത 1രൂപ3 പൈസയുടെ (പിന്നീട് 1 രൂപയുടെ) തപാൽമുദ്ര.








ഹരിപ്രസാദ് കടമ്പൂര്

# വാല്മീകിമഹര്ഷി




- ഇദം രാമയണം കൃത്സ്നം സീതായാശ്ചരിതം മഹത് –എന്ന് രാമായണം സീതാചരിതം കൂടിയാണെന്ന് പ്രഖ്യാപിച്ച ആദികവി വാല്മീകിയുടെ സങ്കല്പചിത്രം ആലേഖനംചെയ്ത 20 പൈസയുടെ തപാൽമുദ്ര. സീതാസമേതരായ രാമലക്ഷ്മണന്മാരെയും കാണാം.

ഹരിപ്രസാദ് കടമ്പൂര്

# ഭഗവദ്ഗീതാ







- *നാലുകുതിരകളെഷ്പൂട്ടിയ കപി ദ്ധ്വജമായ രഥത്തിലേറി അർജ്ജുനന് ഗീതോപദേശം നല്കുന്ന പാർത്ഥസാരഥി.*
- *കര്മ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന –എന്ന ഗീതാശ്ലോകം നാഗരിയിൽ ആലേഖനംചെയ്ത 25 പൈസ യുടെ തപാൽമുദ്ര ഇതിഹാസ കാരനു നല്കുന്ന ഭാരത ത്തിന്റെ ആദരം.*

ഹരിപ്രസാദ് കടമ്പൂര്

# നടരാജനൃത്തം

- *അറുപത്തിനാലുകലകളുടെയും ആചാര്യനായും വിശിഷ്യ വ്യാകരണസൂത്രങ്ങളുടെ ഉപജ്ഞാതാവായും കരുതപ്പെടുന്ന നടരാജ ശിവന്റെ നൃത്തരൂപം ആലേകനം ചെയ്ത രണ്ട് അണയുടെ തപാൽമുദ്ര*

*(തപാൽമുദ്രയിലെ മൂല്യം അത് പ്രകാശനം ചെയ്ത കാലഷഴക്കത്തെ സുചിഷിക്കുന്നു എന്ന കാര്യം സർവ്വത്ര വിചിന്ത്യം)*




ഹരിപ്രസാദ് കടമ്പൂര്

# പാണിനിമഹർഷി

- *നാലായിരത്തോളം വരുന്ന വ്യാക രണസൂത്രങ്ങളിലൂടെ സംസ്കൃത ഭാഷയുടെ കാന്തിയും മൂല്യവും വർദ്ധിപ്പിച്ച, മനുഷ്യബുദ്ധി യുടെ ജീവിച്ചിരിക്കുന്ന സ്മാരകം എന്ന് പാശ്ചാത്യവൈയ്യാകരണ ന്മാരാൽ വിശേഷിപ്പിക്കപ്പെട്ട അഷ്ടാധ്യായി എന്ന വ്യാകരണ ഗ്രന്ഥം രചിച്ച ഭഗവാൻ പാണിനി മഹർഷിയുടെ സങ്കല്പചിത്രം ആലേഖനം ചെയ്ത തപാൽമുദ്ര*




ഹരിപ്രസാദ് കടമ്പൂര്


# പതഞ്ജലിമഹർഷി




- *യോഗസൂത്രങ്ങളാൽ മനസ്സി ന്റെയും, വ്യാകരണമഹാഭാഷ്യ ത്താൽ വാക്കിന്റെയും, വൈദ്യശാസ്ത്രത്താൽ ശരീര ത്തിന്റെയും അഴുക്കുനീക്കി ശുദ്ധീകരിച്ച ഭഗവാൻ പത ഞ്ജലിയുടെയും യോഗ-വാക്ക് -വൈദ്യം എന്നിവയുടെയും രേഖാചിത്രം ആലേഖനം ചെയ്ത തപാൽമുദ്ര.*

ഹരിപ്രസാദ് കടമ്പൂര്

# ആദിശങ്കരൻ




- അദ്വൈതചിന്തയുടെ ഉത്തുംഗശൃംഗത്തെ സ്വന്തം മേധാബലം കൊണ്ട് തന്റെ കാലടിക്കുള്ളിലാക്കിയ ആദിശങ്കരന്റെ ജന്മത്താൽ പരിപൂതമായ കാലടി, സ്വന്തം ദേശത്തിലൂടെ കടന്നുപോകുന്ന തപാൽ ഉരുപ്പടികളിൽ ചാർത്തുന്ന ആദിശങ്കര ചിത്രത്തോടുകൂടിയ പ്രാദേശികമുദ്ര.

ഹരിപ്രസാദ് കടമ്പൂര്

# വന്ദേ മാതരം





ഹരിപ്രസാദ് കടമ്പൂര്

- *സംഗീതവും സാഹിത്യവും, രാഗവും താളവും, ഭക്തിയും ശൃംഗാരവും പ്രത്യേകരാസപാകത്തിൽ സമഞ്ജസമായി സമ്മേളിപ്പിച്ച് ജയദേവകവി രചിച്ച ഗീതഗോവിന്ദം എന്ന് പുകൾപെറ്റ ഗീതികാവ്യം....*
- *ഭുക്തിമുക്തിപ്രദായകമെന്ന് ഭാഗവതം ഘോഷിച്ച ഗോപികമാരുടെ പ്രേമഭക്തിയെ മധുരകോമളകാന്തപദാവലികളാൽ ആലേഖനം ചെയ്ത വാങ്മയചിത്രം...*
- *ഇടയ്ക്കയൊലിയൊത്ത് തിരുനാമാഘോഷങ്ങൾ-ക്കിടയ്ക്ക് കേൾക്കാവുന്ന രമ്യാഷ്ടപദീഗാനം...*

*...രാധാകൃഷ്ണപ്രേമത്തിന്റെ ആ ഉദാത്തഭാവനയ്ക്കുമുന്നിലും ഭാരതതപാൽ വകുപ്പ് തന്റെ പ്രണാമാഞ്ജലികളർപ്പിച്ചു.... ഉദാരമനസ്സോടെ.*

ഹരിപ്രസാദ് കടമ്പൂര്

# ഗീതഗോവിന്ദം എഴുതുന്ന ജയദേവകവി




- *വാഗ്ദേവതാചരിതചിത്രിതചിത്ത*
  *സദ്മാ പദ്മാവതീചരണചാരണചക്ര*
  *വർത്തീ, ശ്രീവാസുദേവരതികേളിക*
  *ഥാസമേതം ഏവം കരോതി ജയദേ*
  *വകവിഃ പ്രബന്ധം*

-എന്ന് കവി തന്നെ താൻ ഗീതഗോ
വിന്ദം എഴുതുന്നതിനെക്കുറിച്ച്
എഴുതിയ ആമുഖപദ്യം ദേവനാഗരി
യിൽ ആലേഖനം ചെയ്ത ജയദേവ
ചിത്രമടങ്ങിയ തപാൽമുദ്ര.

ഹരിപ്രസാദ് കടമ്പൂര്

## 1. മത്സ്യാവതാരം (ഗീതഗോവിന്ദം)





- *പ്രളയപയോധിജലേ*
  *ധൃതവാനസി വേദം*
  *വിഹിതവഹിത്രചരിത്രമ*
  *ഖേദം, കേശവ ധൃതമീനശരീര,*
  *ജയ ജഗദീശ,ഹരേ*
  -എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത മത്സ്യാവതാരത്തിന്റെ തപാൽമുദ്ര

ഹരിപ്രസാദ് കടമ്പൂര്

# 2.കൂർമ്മാവതാരം (ഗീതഗോവിന്ദം)


- *ക്ഷിതിരതിവിപുലതരേ തവ*
  *തിഷ്ഠതി പൃഷ്ഠേ*
  *ധരണിധരണകിണചക്രഗരിഷ്ഠേ,*
  *കേശവ ധൃതകച്ഛപരൂപ,*
  *ജയ ജഗദീശ, ഹരേ*

  –എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത കൂർമ്മാവതാരത്തിന്റെ തപാൽമുദ്ര




ഹരിപ്രസാദ് കടമ്പൂര്

# 3.വരാഹാവതാരം (ഗീതഗോവിന്ദം)




- *വസതി ദശനശിഖരേ*
  *ധരണീ തവ*
  *ലഗ്നശശിനികളങ്കകലേവ*
  *നിമഗ്ന,*
  *കേശവ ധൃതസൂകരരൂപ,*
  *ജയ ജഗദീശ,ഹരേ*

-എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത വരാഹാവതാരത്തിന്റെ തപാൽമുദ്ര

ഹരിപ്രസാദ് കടമ്പൂര്


# 4. നരസിംഹാവതാരം (ഗീതഗോവിന്ദം)

- *തവ കരകമലവരേ*
  *നഖമദ്ഭുതശൃംഗം,*
  *ദളിതഹിരണ്യകശിപു*
  *വരഭൃംഗം,*
  *കേശവ ധൃതനരഹരിരൂപ,*
  *ജയ ജഗദീശ,ഹരേ*
  –എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത നരസിംഹാവതാരത്തിന്റെ തപാൽമുദ്ര




ഹരിപ്രസാദ് കടമ്പൂര്

# 4.വാമനാവതാരം (ഗീതഗോവിന്ദം)




- *ഛലയസി വിക്രമണേ*
  *ബലിമദ്ഭുതവാമന,*
  *പദനഖനീര ജനിതജനപാവന,*
  *കേശവ ധൃതവാമനരൂപ,*
  *ജയ ജഗദീശ, ഹരേ*
  –എന്ന് ദേവനാഗരിയിൽ
  ആലേഖനം ചെയ്ത വാമനാവ
  താരത്തിന്റെ തപാൽമുദ്ര

ഹരിപ്രസാദ് കടമ്പൂര്

# 6. പരശുരാമാവതാരം (ഗീതഗോവിന്ദം)

- *ക്ഷത്രിയരുധിരമയേ ജഗദപഗതപാപം സ്നപയസി പയസി ശമിതഭവതാപം, കേശവ ധൃതഭൃഗുപതിരൂപ, ജയ ജഗദീശ, ഹരേ*
  -എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത പരശുരാമാവതാരത്തിന്റെ തപാൽമുദ്ര




ഹരിപ്രസാദ് കടമ്പൂര്

# 7. ശ്രീരാമാവതാരം (ഗീതഗോവിന്ദം)




- *വിതരസി ദിക്ഷു രണേ*
  *ദിക്പതികമനീയം*
  *ദശമുഖമൗലിബലിം രമണീയം,*
  *കേശവ ധൃതരാമശരീര,*
  *ജയ ജഗദീശ,ഹരേ*
  –എന്ന് ദേവനാഗരിയിൽ
  ആലേഖനം ചെയ്ത
  ശ്രീരാമാവതാരത്തിന്റെ
  തപാൽമുദ്ര


# 8. ബലരാമാവതാരം (ഗീതഗോവിന്ദം)

- *വഹതി വപുഷി വിശദേ*
  *വസനം ജലദാഭം,*
  *ഹലഹതിഭീതിമിളിതയമുനാഭം,*
  *കേശവ ധൃതഹലധരരൂപ,*
  *ജയ ജഗദീശ,ഹരേ*
  -എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത ബലരാമാവതാരത്തിന്റെ തപാൽമുദ്ര




ഹരിപ്രസാദ് കടമ്പൂര്

# 9. ബുദ്ധാവതാരം (ഗീതഗോവിന്ദം)





- *നിന്ദസി യജ്ഞവിധേരഹഹ ശ്രുതിജാതം സദയഹൃദയ ദർശിതപശുഘാതം, കേശവ ധൃതബുദ്ധശരീര, ജയ ജഗദീശ, ഹരേ* –എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത ബുദ്ധാവതാരത്തിന്റെ തപാൽമുദ്ര.
- *സ്വയം ഭഗവാനായ കൃഷ്ണനാണ് ദശാവതാരം കൈക്കൊണ്ടിരിക്കുന്നത് എന്ന തത്വത്തെ സ്വീകരിച്ച ജയദേവകവി ശ്രീബുദ്ധനെയാണ് ദശാവതാരത്തിൽ 9–ാമത്തെ അവതാരമായി പരിഗണിച്ചിരിക്കുന്നതെന്ന കാര്യം വിശിഷ്യ പ്രസ്താവ്യമാണ്.*

ഹരിപ്രസാദ് കടമ്പൂര്


# 10. കല്കി അവതാരം (ഗീതഗോവിന്ദം)

- *മ്ലേച്ഛനിവഹനിധനേ*
  *കലയസി കരവാളം*
  *ധൂമകേതുമിവ കിമപി കരാളം,*
  *കേശവ ധൃതകല്കിശരീര,*
  *ജയ ജഗദീശ,ഹരേ*

  -എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്ത കല്കി അവതാരത്തിന്റെ തപാൽമുദ്ര




ഹരിപ്രസാദ് കടമ്പൂര്




- *നരസിംഹാവതാരത്തിന്റെ ചിത്രവും ഗീതഗോവിന്ദത്തിലെ അവതാരവർണ്ണനയും ആലേഖനം ചെയ്ത് തപാൽവകുപ്പ് പുറത്തിറക്കിയ പ്രത്യേക തപാൽകവർ. ശ്രീകൃഷ്ണചിഹ്നമായ ഓടക്കുഴലിനും പീലിക്കും പുറമെ, ജയദേവനും ഗീതഗോവിന്ദവും എന്ന് പ്രത്യേകം രേഖപ്പെടുത്തിയ പ്രാദേശിക മുദ്രയും കാണാം.*

ഹരിപ്രസാദ് കടമ്പൂര്

- വാമനാവതാരത്തിന്റെ ചിത്രവും ഗീതഗോവിന്ദത്തിലെ അവതാരവർണ്ണനയും ആലേഖനം ചെയ്ത് തപാൽവകുപ്പ് പുറത്തിറക്കിയ പ്രത്യേക തപാൽകവർ. ശ്രീകൃഷ്ണചിഹ്നമായ ഓടക്കുഴലിനും പീലിക്കും പുറമെ, ജയദേവനും ഗീതഗോവിന്ദവും എന്ന് പ്രത്യേകം രേഖപ്പെടുത്തിയ ജബൽപ്പൂർ തപാലാഫീസിന്റെ 27-07-2009-ലെ പ്രാദേശിക മുദ്രയും കാണാം.




ഹരിപ്രസാദ് കടമ്പൂര്



നിങ്ങളുടെ വിലയേറിയ
അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും
അറിയിക്കുമല്ലോ
എന്ന്,
സ്നേഹപൂർവ്വം
ഹരിപ്രസാദ്.വി.ടി
കടമ്പൂര്
HARIPRASAD.V.T
HARIPRASAD.V.T
POST CARD
Hariprasad.V.T
Kadamboor.
Kannur.
PIN 6 7 0 6 6 3
ഹരിപ്രസാദ് കടമ്പൂര്